# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല - പോരൂർ ഗ്രാമപഞ്ചായത് - പെട്രോൾ പമ്പ് നിർമ്മാണം - ലേ - ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകയുടെ 31/10/2019-ലെ TCPMPM/2143/2019-A3 നമ്പർ കത്ത്.

2. പോരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/10/19-ലെ എ 3/1371/19 നമ്പർ കത്ത്.

---

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

**ഉത്തരവ്. നം. TCPCTP/2645/19-C2** **തീയതി : 20/11/2019**

---

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പോരൂർ വില്ലേജിൽ റീസർവ്വേ നമ്പർ 140/297/2-2 ൽ ഉൾപ്പെട്ട 1.5783 ഹെക്ടർ സ്ഥലത്തിൽ പമ്പിനായി നീക്കി വെച്ചിട്ടുള്ള 1225 ച.മീ സ്ഥലത്തു 254.94 ച.മീ വിസ്തീർണമുള്ള (Canopy Area - 208 ച.മീ + Sales Building - 46.94 ച.മീ) പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഉണ്ണിമമ്മുട്ടി, കോട്ടമ്മൽ തണ്ടുപാറക്കൽ(H), കോട്ടക്കുന്ന്, പോരൂർ(PO), മലപ്പുറം എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമാണം KPBR 2011 നും അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.
2. KPBR 2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരുകൾ, അളവുകൾ, തരം, നിർമാണാവകാശം മുതലായവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. Permit നൽകുന്നതിന് മുമ്പ് 7.0 മീ. താഴ്ചയിലുള്ള സ്ഥലം fill ചെയ്യുന്നതിനു ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയും , KPBR പ്രകാരമുള്ള ജില്ലാ കളക്ടറുടെയും , ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടെന്നും ആയതിൽ നിഷ്കർഷിക്കുന്ന നിബന്ധനകളെല്ലാം പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷമേ പെർമിറ്റ് നൽകാവൂ.
4. Occupancy certificate നൽകുന്നതിന് മുമ്പ് ചട്ടപ്രകാരമുള്ള സാനിട്ടേഷൻ facilities w/c, urinals, wash basin, Drinking water facility എന്നിവ നൽകിയിട്ടുണ്ടെന്നുറപ്പുവരുത്തേണ്ടതും public-ന് Free air filling സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.
5. ചട്ടം 61(11) പ്രകാരം Fuel Dispensing unit ന് ചുറ്റും 7.5 മീ. തുറസ്സായ സ്ഥലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. Sale office building plot boundary-യിൽ നിന്നും ചട്ടം 61(13) പ്രകാരം 1.0 മീ. അകലം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. Road boundary-ൽ നിന്നും ചട്ടം 61(12) പ്രകാരം Canopy projection-ലേക്ക് 3.0 മീ അകലം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. പരസ്യബോർഡ് സ്ഥാപിക്കുന്ന മുറയ്ക്ക് Sight Distance-നെ ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
9. ചട്ടം 61(11) പ്രകാരം Entry and exit access -ന് minimum 7.0 m അകലം നൽകേണ്ടതാണ്.
10. Occupancy certificate നൽകുന്ന മുറയ്ക്ക് ചട്ടം 61(7) പ്രകാരം fire and life protection സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
11. ചട്ടം 61(10) പ്രകാരം The location and construction of petrol tank and vent-pipe 1976-ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
12. പ്ലോട്ടിന്റെ മുൻഭാഗം ഒഴിച്ച് മറ്റു മൂന്ന് ഭാഗങ്ങൾ 1.80 മീ. ഉയരത്തിൽ മതിൽ കെട്ടേണ്ടതാണ്.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 146/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

പി.ആർ. ജയശ്രീ.
നഗരാസൂത്രക

സെക്രട്ടറി,
പോത്തുർ ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. ഉണ്ണിമമ്മുട്ടി, കോട്ടമ്മൽ തണ്ടുപാറക്കൽ(H), കോട്ടക്കുന്ന്, പോത്തുർ(PO), മലപ്പുറം.
2. ടൗൺ പ്ലാനർ, മലപ്പുറം.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ.
5. അധികം.